# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2029

19.06.2012 ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം ഇതുവരെ എത്രകോടി രൂപയാണ് ഉള്ളത്; കിട്ടാക്കടം വർദ്ധിക്കാനുണ്ടായ കാരണം എന്തൊക്കയാണ്; | (എ) 31.03.2012 ലെ കണക്കപ്രകാരം സംസ്ഥാന സഹകരണ ബാങ്കിന്റെയും 14 ജില്ലാ സഹകരണ ബാങ്കുകളുടെയും ആകെ കിട്ടാക്കടം 1236.33 കോടി രൂപയാണ്. ഇതിൽ സംസ്ഥാന സഹകരണ ബാങ്കിന്റെ മാത്രം കിട്ടാക്കടം 392.55 കോടി രൂപയാണ്.<br>അപ്പക്സ് സ്ഥാപനങ്ങളുൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയ വായ്പകൾ തിരികെ ഈടാക്കാൻ കഴിയാത്തതും സാമ്പത്തിക മാന്ദ്യം മൂലവും മറ്റും വായ്പകൾ യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാത്തതും വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നതിന് വായ്പക്കാർക്ക് രോഗങ്ങൾ, മരണം തുടങ്ങിയ കാരണത്താൽ കഴിയാതെ വരുന്ന സാഹചര്യവും ഉത്പാദനപരമല്ലാത്ത വായ്പകൾ, സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിലെ അപര്യാപ്തത ലിക്വിഡേഷനിലുള്ള സംഘങ്ങളിൽ നിന്ന് തുക ലഭിക്കാത്തത് തുടങ്ങിയവയാണ് കിട്ടാക്കടം വർദ്ധിക്കാനുണ്ടായ കാരണമെന്ന് കണ്ടെത്തിയിട്ടുണ്ട്. |

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഈയിനത്തിൽ എത്ര കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാന സഹകരണ ബാങ്കിന്റേയും ജില്ലാ സഹകരണ ബാങ്കുകളുടെയും കിട്ടാക്കടമായി കണക്കാക്കിയിരുന്നതിൽ 202.46 കോടി രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. സെക്യൂരിറ്റൈസേഷൻ ആക്ട് പ്രകാരമുള്ള നടപടികളിലൂടെയും സഹകരണ വകുപ്പ് മുഖാന്തിരം ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികൾ ത്വരിതപ്പെടുത്തിയതിലൂടെയുമാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ